# നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

Volume:4, Issue:8

ജനുവരി 31 ബുധൻ 2024


## TWO DAY NATIONAL SEMINAR ON “A I IN SUSTAINABLE BUSINESS PRACTICES”




Participants of National Seminar

**Evelyn Ruth Jimmy**

Navajyothi college, Cherupuzha, hosted a two-day national seminar on “Artificial Intelligence in Sustainable Business Practices: Strategies for Environment and Social Responsibility” on 24 and 25 January 2024. This seminar was organized by the Gaveshana - Research cell in association with IQAC of Navajyothi college. This seminar focused on artificial intelligence (AI) that revolutionizes sustainable business practices by offering various strategies for environmental and social responsibility. Using AI technologies, businesses can optimize their operations, reduce waste, and make more informed decisions that positively impact the environment and society. The seminar also explored strategies that enhance corporate social responsibilities, human resource management, supply chain management, and community engagement initiatives. The conference was an interactive session promoting integrating AI into sustainable business practices, establishing ethical AI use policies, and providing employee training for responsible AI implementation. On Day 1, the seminar started with an inauguration ceremony with Dr. V. K. Janardanan as our guest. He was the project director for GSLV project, Vikram Sarabhai Space Centre and former principal of SNG College of Engineering and Technology, Payyanur. Navajyothi college manager, Fr. John Kochupurackal welcomed him with a token of love. The first session was led by Prof. Dr. S. Rajasekhar, the principal and director of Akshaya Institute, Coimbatore. He shared his insights on the topic “Artificial Intelligence in Sustainable Business Practices: Strategies for Environment and Social Responsibility”. The second session started at 1.40 after the lunch break. Dr. Thasleema T M, Assistant Professor in the Department of Computer Science, Central University of Kerala, headed the session. She spoke on the topic “AI and ML for Social Responsibility.” The second day started with a session by Prof. Jacob Davis K, Head of the Department of B.com Corporate Secretaryship, Loyola College, Chennai. He presented the topic of “Role of AI in Achieving Sustainable Development Goals with Special Reference to Recent Business Trends.” The last session was on “Artificial Intelligence in Indian Agriculture: Emerging Trends and Issues” by Dr. Manoj Pillai, Asst. Professor and Head, Department of Commerce, Mahatma Gandhi Government Arts College, Mahe. After the lunch break, students from different colleges presented their papers on different topics relating to AI. The Valedictory Function began at 3.30. Dr. Rajasekhar and Prof. Jacob Davis presented the participants with certificates. The seminar ended with a note of gratitude by director, Fr. Sijoy Paul.

## ഉപന്യാസ മത്സരം സംഘടിപ്പിച്ചു




**ജുമാന ഹസീൻ**

നവജ്യോതി കോളേജ് ഇക്കണോമിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിച്ചു. മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് 13ാം തിയ്യതി ഉച്ചക്ക് 1:30ന് ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലാണ് പരിപാടി നടന്നത്. ഇന്ത്യയിലെ മനുഷ്യാവകാശം എന്നതായിരുന്നു വിഷയം. മത്സരത്തിൽ വിവിധ ഡിപ്പാർട്ട്മെന്റിൽ നിന്നും കുട്ടികൾ പങ്കെടുത്തു. മത്സരത്തിൽ ഇക്കണോമിക്സ് രണ്ടാം വർഷ വിദ്യാർഥിയായ സി ജെ ക്രിസ്റ്റി ഒന്നാം സ്ഥാനം നേടുകയും രണ്ടാം വർഷ ബി.എ ഇംഗ്ലീഷ് വിദ്യർത്ഥിയായ ഡിയോൺ തോമസ് ബെന്നി രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.




## (A+B)²: ഗണിത ശാസ്ത്ര മത്സരം സംഘടിപ്പിച്ചു

**ഫാത്തിമത്ത് ഫിദ**

നവജ്യോതി കോളേജ് കുട്ടികൾക്ക് വേണ്ടി ഗണിത ശാസ്ത്ര മത്സരം സംഘടിപ്പിച്ചു. കുട്ടികളിലെ ഗണിതത്തിലുള്ള കഴിവ് കണ്ടുപിടിക്കാൻ ആയിരുന്നു ഇങ്ങനെ ഒരു മത്സരം നടത്തിയത്. തന്നിരിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ നൽകിയിരിക്കുന്ന ഗണിത പ്രശ്നം പരിഹരിക്കലായിരുന്നു മത്സരം. കൊമേഴ്സ് അസോസിയേഷൻ ആയിരുന്നു മത്സരം സംഘടിപ്പിച്ചത്. ഡിസംബർ 6ന് ഉച്ചയ്ക്ക് 1:30ന് കോളേജിലെ ഓഡിയോ വിഷൽ മുറിയിൽ വച്ചാണ് മത്സരം സംഘടിപ്പിച്ചത്. ബി സി എ രണ്ടാം വർഷ വിദ്യാർത്ഥി അക്ഷയ് വർഗീസ് ബിജു ഒന്നാം സ്ഥാനം കൈവരിച്ചു. ബി സി എ മൂന്നാം




വർഷ വിദ്യാർത്ഥി സഫ്വാന കെ പി രണ്ടാം സ്ഥാനവും ബി സി എ മൂന്നാം വർഷ വിദ്യാർത്ഥി മെറിൻ റൈജു മൂന്നാം സ്ഥാനവും നേടി. ഒന്നാം സമ്മാനം കുഴിമന്തിയും രണ്ടാം സമ്മാനം അൽഫാമും മൂന്നാം സമ്മാനം ഷവർമയും ആയിരുന്നു.

## വീക്ക് ലി പെർഫോമൻസ് കരിയർ അംബാസിഡറായി സെബാസ്റ്റ്യൻ റെജി

**സൂര്യ വി എസ്**

നവജ്യോതി കോളേജ് വീക്ക് ലി പെർഫോമൻസ് കരിയർ അംബാസിഡറായി തിരഞ്ഞെടുക്കപ്പെട്ട് നവജ്യോതി കോളേജ് ബിസിഎ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥി സെബാസ്റ്റ്യൻ റെജി. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ ഭാഗമായി നടത്തിയ സംരംഭമാണ് കരിയർ അംബാസ്സഡർ. കോളേജിലെ കുട്ടികൾക്ക് വിവിധ കോഴ്സുകൾ നൽകി അവരുടെ കഴിവുകൾ വർദ്ധിപ്പിക്കാനും ജോലി സംബന്ധമായ വിവരങ്ങൾ നൽകുന്ന സംരംഭമാണിത്.




ഇതിനായി ഓരോ കോളേജിൽ നിന്നും ഒരു കരിയർ അംബാസിഡറിനെ തിരഞ്ഞെടുക്കുന്നു. കരിയർ അംബാസിഡറിലൂടെ കൂടുതൽ കുട്ടികളെ സംരംഭത്തിൽ ഉൾക്കൊള്ളിക്കുന്നു. വീക്കിലി പെർഫോമൻസ് അനുസരിച്ച് വിവിധ സമ്മാനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്യുന്നു. വ്യക്തിത്വ വികസന പരിശീലന മൊഡ്യൂൾ രൂപകല്പന ചെയ്തിരിക്കുന്നത്, തൊഴിൽ അന്വേഷകരെ അവരുടെ ജോലി സ്ഥലത്തെ ആശയവിനിമയം , ഇംഗ്ലീഷ് ഭാഷയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മുഴുവനായുള്ള വ്യക്തിത്വ വികസനം മെച്ചപ്പെടുത്തുന്നതിന് സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ്. കൂടാതെ ഇവയിലൂടെ ഭാഷ പരിജ്ഞാനം വർധിപ്പിക്കാനും പ്രൊഫഷണൽ കഴിവുകൾ വർധിപ്പിക്കാനും സാധിക്കുന്നു.

## എഡിറ്റോറിയൽ

ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ കൂടിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1929ലെ സമ്മേളനത്തിൽ ത്രിവർണ പതാക ഉയർത്തിയാണ് പൂർണ്ണ സ്വാതന്ത്ര്യം (പൂർണ്ണ സ്വരാജ്) എന്ന ആവശ്യം മുന്നോട്ടു വെച്ചത്. 1930 ജനുവരി 26 ഇന്ത്യയാകെ സമ്പൂർണ്ണ സ്വാതന്ത്ര്യ ദിനമായി ആചരിക്കണം എന്ന സുപ്രധാന തീരുമാനവും ആ യോഗത്തിൽ കൈക്കൊണ്ടു. അതിന്റെ ഓർമ്മയിലാണ് 1950 ജനുവരി 26 തന്നെ റിപ്പബ്ലിക് ദിനമായി തിരഞ്ഞെടുത്തത്.

'പൊതുവായ കാര്യം 'എന്നർത്ഥം വരുന്ന ' റെസ് പബ്ലിക്ക' എന്ന ലാറ്റിൻ പ്രയോഗത്തിൽ നിന്നാണ് റിപ്പബ്ലിക് എന്ന പദം ഉണ്ടായത്. ഒരു രാഷ്ട്രത്തിന്റെ പരമാധികാരം ജനങ്ങളിൽ തന്നെ നിക്ഷിപ്തമാകുന്ന ഭരണ വ്യവസ്ഥയാണ് ഇത് ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് ഭരണം നടത്തുന്നത്; അല്ലാതെ അധികാരം ജന്മദത്തമല്ല.

ഭരണഘടന നിർമ്മാണസഭ യോഗം ചേരുമ്പോൾ പുറത്ത് ലോകം ഇളകി മറിയുകയായിരുന്നു. കാശ്മീരിലെ ഏറ്റുമുട്ടലുകൾ, കോൺഗ്രസ് ലീഗ് വൈരം, വിഭജനം, ഗാന്ധിവധം തുടങ്ങിയവ വലിയ അലയൊലികൾ ഉയർത്തി. അത്തരം കൊടും കാറ്റുകളിൽ കുലുങ്ങാതെ നാം റിപ്പബ്ലിക് ആയി മാറി. ഭരണഘടന നിർമ്മാണ സഭയിൽ നടത്തിയ അവസാന പ്രസംഗത്തിൽ അംബേദ്കർ എടുത്തു പറഞ്ഞ ഒരു കാര്യമുണ്ട്: '1950 ജനുവരി 26ന് ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമായി മാറും'. അതുവരെയുണ്ടായിരുന്ന

സ്വാതന്ത്ര്യം അതിന്റെ പൂർണാർത്ഥത്തിൽ വെറുമൊരു സങ്കല്പം മാത്രമാണെന്ന് പറയുകയായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യം ലഭിച്ച് 894 ദിവസങ്ങൾക്കുശേഷം 1950 ജനുവരി 26ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു. ഇന്ത്യ റിപ്പബ്ലിക് ആയി മാറിയത് അന്നാണ്. അതുകൊണ്ടാണ് ജനുവരി 26 റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നത്. ആ ദിനം തിരഞ്ഞെടുക്കാൻ ഒരു കാരണമുണ്ട്. ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ ആഹ്വാനം ചെയ്തത് അനുസരിച്ച് 1930 ൽ ഇതേ ദിവസം പൂർണ്ണ സ്വരാജ് ആഘോഷിച്ചിരുന്നു. ആ ഓർമ്മ നിലനിർത്താൻ കൂടിയാണ് ജനുവരി 26 തെരഞ്ഞെടുത്തത്. പൗരന്മാരുടെ അവകാശങ്ങളും കർത്തവ്യങ്ങളും നിർവചിക്കുന്നതിനൊപ്പം ജനാധിപത്യത്തിന്റെ നെടുംതൂണുകൾ ആയ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ, തുടങ്ങിയവ പിന്തുടരേണ്ട നിയമങ്ങളും ചട്ടങ്ങളും ഭരണഘടന മുന്നോട്ടുവച്ചു. 1947ലെ ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട്, 1935 ലെ ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ട് എന്നിവ റദ്ദാക്കി കൊണ്ടാണ് ഇന്ത്യൻ ഭരണഘടന അതിന്റെ നങ്കൂരമുറപ്പിച്ചത്.

- എഡിറ്റർ

# സ്നേഹാരാമം പദ്ധതി

## ഉദ്ഘാടനം ചെയ്ത് എൻ.എസ്.എസ്




**ആദിത്യ ഇ**

നവജ്യോതി കോളേജ് എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കാക്കയം ചാലിൽവെച്ച് സ്നേഹാരാമം പദ്ധതിയുടെ ഉദ്ഘാടനം നടന്നു. ജനുവരി 24ന് സംസ്ഥാന വ്യാപകമായി എല്ലാ കോളേജുകളിലും നടന്ന സ്നേഹാരാമം പദ്ധതിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി ഡിസംബറിലെ ക്യാമ്പിൽ എൻഎസ്എസ് വാളണ്ടിയേഴ്സ് നിർമ്മിച്ച കാക്കയം ചാലിലെ ആരാമത്തിൽ വെച്ചായിരുന്നു സ്നേഹാരാമം പദ്ധതിയുടെ ഉദ്ഘാടനം നടന്നത്. ഉപയോഗശൂന്യമായ സ്ഥലം തിരഞ്ഞെടുത്ത് അവിടെ വൃത്തിയാക്കി ആരാമം സൃഷ്ടിക്കുക എന്നതാണ് സ്നേഹാരാമം പദ്ധതിയുടെ ഉദ്ദേശം. പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി, അസിസ്റ്റൻറ് പ്രോഗ്രാം ഓഫീസർ രജിത കെ എന്നിവർ പരിപാടിയ്ക്ക് നേതൃത്വം വഹിച്ചു. എൻഎസ്എസ് വാളണ്ടിയർ ക്രിസ്ബിൻ സജി സ്വാഗത പ്രസംഗം നടത്തി. ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജയകുമാർ ആർ പരിപാടി ഉദ്ഘാടനം ചെയ്തു. ക്ഷണം സ്വീകരിച്ച് എത്തിച്ചേർന്ന സെന്റ് സെബാസ്റ്റ്യൻ ആശുപത്രിയിലെ സിസ്റ്റർ അനുരൂപ പരിപാടിയിൽ ആശംസകൾ നേർന്ന് സംസാരിച്ചു. എൻഎസ്എസ് സെക്രട്ടറി ക്രിസ്റ്റി സി ജെ യുടെ നന്ദി വാക്കുകൾക്ക് ശേഷം പരിപാടി അവസാനിച്ചു.

## റെസ് പബ്ലിക്ക

**അലൻ തോമസ്**

നവജ്യോതി കോളേജ് ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'റെസ് പബ്ലിക്ക' ക്വിസ് മത്സരം ജനുവരി 22 തിങ്കളാഴ്ച നടത്തി. കോളേജ് ഡയറക്ടർ ഫാ. ജോൺ കൊച്ചുപുരയ്ക്കൽ പരിപാടി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. കെ. കെ സോമശേഖരൻ പരിപാടിക്ക് അധ്യക്ഷത വഹിച്ചു. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഇന്ത്യ എന്നതായിരുന്നു വിഷയം. വിവിധ ഡിപ്പാർട്ട്മെന്റുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ മൂന്നാം വർഷ ബി.എ ഇംഗ്ലീഷ് വിദ്യാർത്ഥികളായ അഭിരാം പി , ഷാരോൺ ടി ആർ എന്നിവർ ഒന്നാം സ്ഥാനവും, രണ്ടാം വർഷ ബികോം ഫിനാൻസ് വിദ്യാർത്ഥികളായ ജോബിറ്റ്, നോയൽ എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## നവജ്യോതിയുടെ ബെസ്റ്റ് അക്കൗണ്ടന്റായി ആദിത് വേണുഗോപാൽ


**ഡിയോൺ തോമസ്**

പിജി ഡിപ്പാർട്ട്മെൻറ് ഓഫ് കൊമേഴ്സിന്റെ നേതൃത്വത്തിൽ 'ബെസ്റ്റ് അക്കൗണ്ടൻറ് ഓഫ് നവജ്യോതി' എന്ന പേരിൽ ജനുവരി 10ന് മത്സരം സംഘടിപ്പിച്ചു. കോമേഴ്സ് വിഭാഗം എച്ച്.ഒ.ഡി മാത്യു എം.ജെ പരിപാടി ഉദ്ഘാടനം ചെയ്തു. അസിസ്റ്റൻറ് പ്രൊഫസർ. ഐശ്വര്യ എസ് പരിപാടിയെ സംബന്ധിച്ച് സംസാരിച്ചു. അക്കൗണ്ടിങ്ങിലുള്ള വിദ്യാർത്ഥികളുടെ കഴിവ് മനസ്സിലാക്കുവാനായിരുന്നു പരിപാടി സംഘടിപ്പിച്ചത്. കൊമേഴ്സ് ആൻഡ് മാനേജ്മെൻറ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും 34 വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിന് മൂന്നാം വർഷ ബികോം ഫിനാൻസ് വിദ്യാർത്ഥി




ആൽബർട്ട് സജി നേതൃത്വം കൊടുത്തു. മൂന്ന് റൗണ്ടുകളിലായി നടത്തിയ പരിപാടിയിൽ മൂന്നാം വർഷ ബികോം കോർപ്പറേഷൻ വിദ്യാർത്ഥി ആദിത് വേണുഗോപാൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കോമേഴ്സ് അസോസിയേഷൻ സെക്രട്ടറി എസ്തു ജോസ് പരിപാടിക്ക് നന്ദി അറിയിച്ചു.

## ബൈലൈനേഴ്സുമായി ജേർണലിസം വിദ്യാർത്ഥികൾ




**ആദർശ് മാത്യു**

നവജ്യോതി കോളേജ് ഇങ്ക്ജേർൺ ക്ലബ്ബിന്റെ നേതൃത്വത്തിൽ ബൈലൈനേഴ്സ് എന്ന മീഡിയ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ആലക്കോട് എൻഎസ്എസ് എച്ച്എസ്എസ് സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥികളാണ് വർക്ക്ഷോപ്പിൽ പങ്കെടുത്തത്. ജനുവരി 19 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച വർക്ക്ഷോപ്പ് വിവിധ ക്ലാസുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തി. നവജ്യോതി കോളേജ് ജേണലിസം ഡിപ്പാർട്ട്മെന്റ് അധ്യാപികയായ നീതു തങ്കച്ചന്റെ നേതൃത്വത്തിലാണ് വർക്ക്ഷോപ്പ് സംഘടിപ്പിക്കപ്പെട്ടത്. എങ്ങനെ ഒരു പത്രം തയ്യാറാക്കാം എന്നതിനെപ്പറ്റിയും പത്രം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റിയും ബി എ ഇംഗ്ലീഷ് രണ്ടാംവർഷ വിദ്യാർത്ഥി ആദർശ് മാത്യു ക്ലാസ് നയിച്ചു. തുടർന്ന് കുട്ടികളെ കൊണ്ട് പത്രം തയ്യാറാക്കിക്കുകയും അവതരിപ്പിക്കുകയും ചെയ്തു. നല്ല പത്രത്തിനും നല്ല റിപ്പോർട്ടർക്കും സമ്മാനങ്ങൾ നൽകുകയും മറ്റു കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു.

## ആനുവൽ ക്വാളിറ്റി അഷ്വറൻസ് റിപ്പോർട്ട് 2022 -23 സമർപ്പിച്ചു

**ആദർശ് മാത്യു**

അക്രെഡിറ്റഡ് കോളേജുകൾ എല്ലാ അധ്യായന വർഷങ്ങളിലും സമർപ്പിക്കേണ്ട ആനുവൽ ക്വാളിറ്റി അഷ്വറൻസ് റിപ്പോർട്ട് നവജ്യോതി കോളേജ് നാക് അതോറിറ്റിക്ക് മുന്നിൽ വിജയകരമായി സമർപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. കെ കെ സോമശേഖരൻ, ഡയറക്ടർ ഫാ. സിജോയ് പോൾ , ഐക്യുഎസി കോർഡിനേറ്റർ സിംന സൈമൺ, കോർ ടീം അംഗങ്ങളായ മാത്യു എം ജെ, ഷിജോ ജോസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഡിപ്പാർട്മെന്റ് ഹെഡുകളുടെയും അധ്യാപകരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് റിപ്പോർട്ട് സമർപ്പിച്ചത്. മാസങ്ങൾ നീണ്ട പ്രവർത്തനമാണ് റിപ്പോർട്ടിന് പിന്നിൽ.

## അഖിലേന്ത്യ ഇന്റർ യൂണിവേഴ്സിറ്റി നീന്തൽ ചാമ്പ്യൻഷിപ്പിലേക്ക് നവജ്യോതിയുടെ ചുണക്കുട്ടികൾ

**ഫെബിൻ ബിജു**

2024 ജനുവരി 2, 3 ,4 തീയതികളിൽ ചെന്നൈയിൽ വച്ച് നടന്ന സൗത്ത് വെസ്റ്റ് സോൺ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ മാറ്റുരച്ച് അഭിമാന നേട്ടം കൈവരിച്ച് നവജ്യോതി കോളേജിലെ വിദ്യാർത്ഥികളായ രണ്ടാംവർഷ ബി സി എ വിദ്യാർത്ഥി ജസ്റ്റിൻ ജോസഫും, രണ്ടാംവർഷ ബി എ ഇക്കണോമിക്സ് വിദ്യാർത്ഥി ഷാരോൺ തോമസും. ഇരുവരും കണ്ണൂർ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഓൾ




ഇന്ത്യ ഇൻറർ യൂണിവേഴ്സിറ്റി അക്വാട്ടിക്സ് ചാമ്പ്യൻ ഷിപ്പിൽ (4*100 മെഡ്‌ലേ റിലേ) ചാമ്പ്യൻഷിപ്പ് 2023-24ലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഇരുവരുടെയും മാസങ്ങൾ നീണ്ട കഠിന പരിശ്രമത്തിന്റെ ഫലമാ

## 75-ാമത് റിപ്പബ്ലിക് ദിനം ആഘോഷിച്ച് നവജ്യോതി കോളേജ് എൻ.എസ്.എസ് യൂണിറ്റ്

**വൈശാഖ് എസ്**

ഇന്ത്യയുടെ 75-ാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുന്ന വേളയിൽ നവജ്യോതി കോളേജ് എൻ.എസ്. എസ് യൂണിറ്റ് കോളേജിലെ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസ് ഒരുക്കി. പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ.ബി അധ്യക്ഷത വഹിച്ച ചടങ്ങിൽ വളണ്ടിയർ കാർത്തിക മനോ ജ് സ്വാഗതം ആശംസിച്ചു.

പിജി ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീലേഖ എം നായർ പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ബോധവൽക്കരണ ക്ലാസ് നയിക്കുകയും ചെയ്തു. അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ ശ്രീമതി രജിത കെ, സെക്രട്ടറിമാരായ ക്രിസ്റ്റി സി. ജെ, അശ്വതി രാജേഷ് എന്നിവർ നേതൃത്വം നൽകി. എൻ.എസ്. എസ് വാളണ്ടിയർ കൃഷ്ണേന്ദു കെ.എസ് നന്ദി പറഞ്ഞു പ്രോഗ്രാം അവസാനിപ്പിച്ചു.

*For private circulation only*

**പ്രിന്റ് ആൻഡ് പബ്ലിഷർ:** നവജ്യോതി കോളേജ്, ചെറുപുഴ | **ചീഫ് എഡിറ്റർ:** നീതു തങ്കച്ചൻ | **എഡിറ്റർ ഇൻ ചാർജ്:** അതുൽ കെ. ആർ | **സബ് എഡിറ്റേഴ്സ്:** ജുമാന ഹസ്സീൻ .എ, അലൻ തോമസ്, മുഹമ്മദ് മിൻഹാജ്, അതുൽ കെ. ആർ, ഏബൽ ഷാജി, റിലൻ ജോയ്, സുഭഗ സുഭാഷ്, ആദർശ് മാത്യു | **ഡിസൈനിങ്:** അതുൽ കെ. ആർ